# "ഭരണഭാഷ മാതൃഭാഷ"

UGC CELL2/46738/2022/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ പി ഓ ,
തിരുവനന്തപുരം-695 033
തീയതി: 30.05.2023

**<u>പരിപത്രം</u>**

വിഷയം:- കോളേജ് വിദ്യഭ്യാസ വകുപ്പ് മേധാവിയുടെ കാര്യാലയം - യു.ജി.സി. വിഭാഗം - യു.ജി.സി. 2018 റഗുലേഷൻ കാലയളവിലെ അധ്യാപകരുടെ അക്കാദമിക് ലെവൽ 11,12,13 (A) എന്നിവയിലേക്കുള്ള പ്ലേസ്മെന്റ് പ്രൊപ്പോസലുകൾ ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1) ജി.ഒ(പി)നം.18/19/ഉ.വി.വ തീയതി.29.06.2019 നം.കത്ത്
2) ജി.ഒ(പി)നം.28/19/ഉ.വി.വ തീയതി.29.09.2019 നം.കത്ത്
3) ജി.ഒ(പി)നം.9/2022/ഉ.വി.വ തീയതി.10.03.2022 നം.കത്ത്
4) ജി.ഒ.(ആർ ടി) നം 724 / 2020 / ഉ.വി.വ. തീയതി 05.06.2020

*********

കോളേജ് വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ അധ്യാപകരുടെ യു.ജി.സി. 2018 റെഗുലേഷൻ കാലയളവിലെ പ്ലെയിസ്മെന്റ് അനുവദിക്കുന്നതിന് സൂചന (4) ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ വകുപ്പിന് കീഴിലുള്ള സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെയും ഗവൺമെന്റ് ട്രെയിനിങ് കോളജുകളിലെയും ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകളിലെയും അധ്യാപകരുടെ പ്ലേസ്മെന്റ് പ്രൊപ്പോസലുകൾ വർഷത്തിൽ രണ്ട് തവണ സ്വീകരിക്കാൻ ഈ വകുപ്പ് തിരുമാനിച്ചിട്ടുണ്ട്. തുടർന്ന് കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരമുള്ള പ്ലെയിസ്മെന്റിന് പ്രത്യേക നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതല്ല.

യു.ജി.സി. നിബന്ധനകൾ അനുസരിച്ചു ഡ്യൂ ആകുന്ന മുറയ്ക്ക് ഈ സർക്കുലറിന് ഒപ്പം പ്രസിദ്ധീകരിക്കുന്ന ഗൈഡ്‌ലൈൻ അനുസരിച്ച് പ്രൊപ്പോസലുകൾ അതാത് കോളേജുകളിൽ സമർപ്പിക്കേണ്ടതാണ്. ഗവ. എഞ്ചിനീറിങ്, ഗവ. പോളിടെക്നിക്, ഗവ. ലോ കോളേജുകൾ, ഗവ. ആയുർവേദ, ഗവ. മെഡിക്കൽ കോളേജുകളിലെ ഈ വകുപ്പിന് കീഴിലുള്ള അധ്യാപകരുടെ പ്ലെയിസ്മെന്റ് പ്രൊപ്പോസലുകൾ അതാതു കോളേജ് പ്രിൻസിപ്പൽ മുഖേന സമീപത്തെ അതേ വിഷയം കൈകാര്യം ചെയ്യുന്ന ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിൽ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത പ്രൊപ്പോസലുകൾ സമയബന്ധിതമായി നടപടിക്രമങ്ങൾ പൂർത്തിയാക്കി വർഷത്തിൽ രണ്ടു തവണ (ജനുവരി, ജൂലൈ മാസങ്ങളിലെ 1 മുതൽ 15 വരെയുള്ള തീയതികൾക്കകം ) ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷകർക്ക് ഡ്യൂ ആകുന്ന തീയതിക്ക് മൂന്ന് മാസം മുമ്പ് തന്നെ പ്രൊപ്പോസലുകൾ IQAC ക്കു മുൻപാകെ സമർപിക്കാവുന്നതാണ്. കോളേജുകളിലെ നടപടിക്രമങ്ങൾക്ക് മതിയായ സമയം നൽകി വേണം പ്രൊപ്പോസലുകൾ സമർപ്പിക്കാൻ.

പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിനും സ്ക്രീനിങ് കം ഇവാലിയുവേഷൻ കമ്മിറ്റി കൂടുന്നതും സംബന്ധിച്ചുമുള്ള വിശദമായ മാർഗനിർദേശങ്ങളും പുതിയ പി.ബി.എ.എസ് പ്രൊഫോർമയുടെയും മറ്റു ഫോമുകളുടെയും മാതൃകയും ഇതോടൊപ്പം പ്രസിദ്ധികരിക്കുന്നു. അക്കാദമിക് ലെവൽ 11, 12 ലേക്കുള്ള പ്ലെയിസ്മെന്റ് പ്രൊപ്പോസലുകൾ കോളേജുകളിൽ സ്ക്രീനിങ് കം ഇവാലിയുവേഷൻ കമ്മിറ്റി കൂടിയതിന്റെ മിനിട്സ് സഹിതം (സ്കാൻ ചെയ്ത കോപ്പികൾ മാത്രം) DDFS മുഖേന (ഓരോ അധ്യാപകർക്കും വെവ്വേറേ) ഈ കാര്യാലയത്തിൽ ലഭ്യമാകേണ്ടതാണ്. അസ്സോസിയേറ്റ് പ്രൊഫസർ (അക്കാദമിക് ലെവൽ 13A) ലേക്കുള്ള പ്രൊപ്പോസലുകൾ ഐ..ക്യൂ.എ.സി. പരിശോധിച്ച ശേഷം, DDFS മുഖേന സ്കാൻ ചെയ്ത കോപ്പിക്ക് പുറമെ സ്പൈറൽ ബൈൻഡ് ചെയ്ത ഒരു കോപ്പിയുൾപ്പെടെ ഈ കാര്യാലയത്തിലേക്കു അയക്കേണ്ടതാണ് . 2022-2023 അക്കാദമിക വർഷം മുതൽ വർഷം തീരുന്ന മുറയ്ക്ക് (എല്ലാ വർഷവും ജൂൺ ന് മുമ്പ്) എല്ലാ അർത്ഥത്തിലും പൂർണമായ ആനുവൽ പെർഫോമൻസ് അസസ്മെന്റ് റിപ്പോർട്ട് (ജൂൺ മുതൽ മെയ് വരെ കാലയളവ്) പ്രിൻസിപ്പാളിന്റെ ഒപ്പു വാങ്ങി സൂക്ഷിക്കണമെന്ന് പ്രിൻസിപ്പൾമാർ അധ്യാപകരെ അറിയിക്കേണ്ടതാണ്.

ആയതിന്റെ ഒരു പകർപ്പ് IQAC യിൽ സൂക്ഷിക്കേണ്ടതുമാണ്. 2022-2023 അക്കാദമിക വർഷം മുതൽ ഈ സർക്കുലറിനൊപ്പം നൽകിയിട്ടുള്ള ആനുവൽ പെർഫോമൻസ് അസസ്മെന്റ് റിപ്പോർട്ട് (APAR) ഫോമുകൾ വേണം ഉപയോഗിക്കാൻ. മുൻ വർഷങ്ങളിലെ APAR ഇതിനോടകം വാങ്ങിയ അധ്യാപകർ അവ മാറ്റി വാങ്ങേണ്ടതില്ല.

# Approval Valid

Digitally Approved By
വിഗ്നേശ്വരി വി ഐ.എ.എസ്സ്
Date: 30.05.2023
Reason: Approved

*ഒപ്പ്/-*
**വിഗ്നേശ്വരി വി ഐ.എ.എസ്സ്**
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1 .പ്രിൻസിപ്പാൾ ,ഗവ ആർട്സ് ആൻറ് സയൻസ് ,ട്രെയിനിംഗ് ,ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകൾ (ഔദ്യോഗിക വെബ്സൈറ്റ് മുഖേന ).
2 .സിസ്റ്റം മാനേജർക്ക് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ).
3 .കരുതൽ ഫയൽ / നടപ്പ ഫയൽ